**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് – കേരള സാമൂഹ്യ സുരക്ഷാമിഷന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് ജി.ഒ. പ്രോജക്ടായി നൽകുന്നതിന് അനുമതി നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (എഫ്. എം) വകുപ്പ്**

സഉ (സാധാ) 1382/2016/തസ്വഭവ തീയതി, തിരുവനന്തപുരം, 31/03/2016

---

പരാമർശം :- (1) സ(ഉ) (സാധാ) നം. 1209/2013/തസ്വഭവ തീയതി 06/05/2013

(2) 30.03.2016 – ൽ നടന്ന സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയുടെ 3.35 നമ്പർ തീരുമാനം.

## ഉത്തരവ്

പരാമർശിത ഉത്തരവ് പ്രകാരം കേരള സാമൂഹ്യ സുരക്ഷാമിഷന്റെ പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാ സാമ്പത്തിക വർഷവും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകിയിരുന്നു. ഇതിന് തുടർച്ചയായി പരാമർശം (2) ലെ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത്/ മുനിസിപ്പൽ കോർപ്പറേഷൻ 25 ലക്ഷം രൂപ വീതവും ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി 10 ലക്ഷം രൂപ വീതവും ഗ്രാമ പഞ്ചായത്തുകൾ 5 ലക്ഷം രൂപ വീതവും സംഭാവന നൽകുന്നതിന് ജി.ഒ. പ്രോജക്ടായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണറുടെ ഉത്തരവിൻ പ്രാകരം**

**പി. റംലത്ത്**
**ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാമിഷൻ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാരക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
ഡയറക്ടർ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
(തസ്വഭ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Liya

സെക്ഷൻ ഓഫീസർ